# അധ്യായം ഇരുപത്തിയൊമ്പത്

സുകുമാരപിള്ളച്ചേട്ടനോട് യാത്രപറഞ്ഞിറങ്ങുമ്പോൾ സമയം ഇരുട്ടിയിരുന്നു. അവിടെനിന്നു കഴിച്ച റാക്കിന്റെ ലഹരി തലയ്ക്കു വല്ലാത്ത കനം ഉണ്ടാക്കുന്നു. ചെറുതായി ആടിയാടിയാണ് സോമൻ നടക്കുന്നത്. കുട്ടൻ കൂടെ വരാമെന്നു പറഞ്ഞതാണ്. അവനെ വിലക്കി. സോമനിപ്പോൾ നഗരത്തിലെ സാധാരണ മനുഷ്യനല്ലല്ലോ. നാലുപേരറിയുന്ന ചട്ടമ്പിയാണ്. ഏതുപാതിരാത്രിയായാലും ധൈര്യത്തോടെയിരിക്കണം. ഹട്ടിയയിലെ കിശോരിലാലിനു വേണ്ടി പിള്ളച്ചേട്ടൻ ഒരു പണി ഏറ്റെടുത്തിട്ടുണ്ട്. സ്വർണക്കച്ചവടക്കാരനായ ലാലിന്റെ കൂട്ടുകച്ചവടക്കാരൻ ജഗമോഹൻ ഇത്തിരി സ്വർണം തട്ടിച്ചുവത്രെ. കൂട്ടു കച്ചവടം ആ നിമിഷം തന്നെ പിരിഞ്ഞതാണ്. എങ്കിലും കിശോരിലാലിനെ തകർക്കാൻ മറ്റൊരു സ്വർണക്കച്ചവട സ്ഥാപനം തുടങ്ങുന്നു. അത് തകർക്കണം. അവന്റെ തല്ലിയൊതുക്കണം. ഇനിയൊരിക്കലും തലപൊക്കാത്തവണ്ണം അവനെ നശിപ്പിക്കണം. എത്ര കാശുവേണമെങ്കിലും വാരിയെറിയാൻ ലാൽ തയാർ. കാശു കിട്ടുമെന്നായപ്പോൾ പിള്ളച്ചേട്ടൻ മുൻപിൻ നോക്കാതെ അത് ഏറ്റെടുത്തു. എത്ര വലിയ പണിയാണേലും ഇപ്പോൾ ഏറ്റെടുക്കാമല്ലോ. കാരിരുമ്പു പോലെയുള്ള മനസും ശരീരവും ഉള്ളവനാണ് കൂടെയുള്ളത്. സോമൻ ഇക്കാര്യം പുഷ്പം പോലെ കൈകാര്യം ചെയ്യുമെന്നു പിള്ളച്ചേട്ടന് ഉറപ്പുണ്ടായിരുന്നു.

കിട്ടുന്നതിൽ പാതി തന്നിക്കുവേണമെന്നു സോമൻ പറഞ്ഞപ്പോൾ ഞെട്ടിയത് പിള്ളയായിരുന്നു. കിട്ടുന്നതിൽ പകുതിയോ. അയാൾ അത്ഭുതപ്പെട്ടു. തർക്കിക്കാനൊന്നുമില്ലെന്നു സോമൻ ഉറപ്പിച്ചു പറഞ്ഞപ്പോൾ പിള്ളയ്ക്കു മറുത്തുപറയാനുണ്ടായിരുന്നില്ല. ഇവനില്ലാതെ ഈ പണി നടത്താനാവില്ലെന്നു പിള്ളയ്ക്കറിയാം. അക്കാര്യം സോമനുമറിയാം. കുട്ടനെയും മറ്റു പിള്ളാരേയും ഇക്കാര്യം നടത്താൻ ഏൽപ്പിച്ചാൽ കാശു ചെലവ് ചിലപ്പോൾ തനിക്കാവുമെന്നു പിള്ളച്ചേട്ടനു തോന്നി. ജഗൻമോഹനും ഇത്തിരി പിടിപ്പുള്ളവനാണ്. സോമനെ പിണക്കാൻ വയ്യ. കിശോരിലാലിൽ നിന്നു മുൻകൂർ തുക വാങ്ങുകയും ചെയ്തു. ഒടുവിൽ പിള്ളയ്ക്കു സോമൻ ആവശ്യപ്പെട്ടതു സമ്മതിക്കേണ്ടി വന്നു.

സോമൻ ഇരുളിലൂടെ നടന്നു. റിക്ഷ കിട്ടണമെങ്കിൽ കുറെ ദൂരെയുള്ള കവലയിലേക്കു പോകണം. സാരമില്ല രാത്രിയിലൂടെയുള്ള നടത്തം ഒരു സുഖം തന്നെയാണ്. ആകാശത്ത് നിറയെ നക്ഷത്രങ്ങൾ. പകുതിചിരിച്ച തിങ്കളിന്റെ മുഖം തെളിഞ്ഞു നിൽക്കുന്നു. ശരീരത്തിൽ കുത്തിയിറങ്ങുന്നതുപോല തണുപ്പിന്റെ സൂചിത്തലപ്പുകൾ. ദൂരെയെവിടെയെങ്കിലും മഴ പെയ്യുന്നുണ്ടോ. ഇല്ല, ലോകമെങ്ങും തെളിഞ്ഞ ആകാശമാണ്. ഇത് മഞ്ഞുകാലത്തിന്റെ അടയാളമാണ്. ആ നിലാവിലും തണുപ്പിലും

ഒരിലപോലും അനക്കാതെ മരങ്ങൾ നിശ്ചലരായി നിൽക്കുന്നു. ഇടയ്ക്കിടെ ആവശ്യമില്ലാത്തതു പോലെ മിന്നിക്കത്തുന്ന വഴിവിളക്കുകൾ. റാക്കിന്റെ ലഹരിയിൽ അവൻ പഴയ സോമനായി. ഡിസംബറിലെ തണുപ്പിൽ മാടനാപൊയ്കയുടെ മീതെ മഞ്ഞുധൂളികൾ തങ്ങിക്കിടക്കം. പൊയ്കയിൽ നിറഞ്ഞനിൽക്കുന്ന ചെടികളും പൂക്കളും ആ മഞ്ഞിനുള്ളിൽ പുതഞ്ഞിരിക്കും. മഞ്ഞുവീണു തുടങ്ങുമ്പോഴാണ് മാവുകൾ പൂക്കുക. മരങ്ങളിൽനിന്നു ഇലകൾ പൊഴിയുക. മനസുകൾ നന്മകൊണ്ട് നിറയുക. ഡിസംബറിൽ പുണ്യമായ ക്രിസ്തുമസ് രാത്രികളിൽ സോമൻ ഒറ്റയ്ക്കായിരിക്കും പള്ളിയിൽ പോകുക. തിരിച്ചുവരുമ്പോൾ ഇടവഴിയിൽ നിറഞ്ഞുനിൽക്കുന്ന പുൽത്തലപ്പുകളിലെ മഞ്ഞുതുള്ളികൾ അവന്റെ കാലുകളെ നനയ്ക്കും. ആ കുളിർമ മനസിലേക്കു പടരും.

വേടരപ്ലാവിനപ്പുറമുള്ള പാടത്ത്...
കൊയ്ത്തും മെതിയും ശേലാണേ...
ആണും പെണ്ണും കൊറ്റിയും കോഴിയും
കൊയ്യാനെത്തും നാളാണേ...
പൊന്നുവിളയും പാടത്ത്
കറ്റ ചുമക്കാൻ ഞാനും പോയേ..
ആണിനും കിട്ടി അഞ്ചണ
പെണ്ണിനും കിട്ടി അഞ്ചണ
കൊറ്റക്കും കോഴിക്കും കിട്ടി അഞ്ചണ
ചാത്തന്റെ മോൻ കൊലുമ്പനും കിട്ടി അഞ്ചണ...

സോമൻ ഉറക്കെ പാടി. താൻ ആദ്യമായെഴുതിയ പാട്ട്. ഒറ്റപ്പെടലിന്റെ കയ്പുനീരിൽ നിന്നു തന്നെ രക്ഷിച്ചത് തന്റെ പാട്ടുകളും കഥകളുമാണ്. ഇന്ന് അതൊക്കെ എവിടെ. എങ്കിലും മറുന്നുവെന്നു കരുതിയെ ആ പാട്ട് ഇപ്പോൾ തന്റെ മനസിലേക്കു പാറിവന്നതെങ്ങിനെ. അതൊക്കെ തന്നിലലിഞ്ഞതാണ്. മനസ് തെളിയുമ്പോൾ ഹൃദയം ശുദ്ധമാകുമ്പോൾ അവയൊക്കെ തനിയെ നാവിൻതുമ്പത്ത് ഊഞ്ഞാലാടും. യഥാർഥ സോമൻ ഇപ്പോഴുള്ളവനോ അതോ അന്നുള്ളവനോ... അവന് ആശ്ചര്യം തോന്നി. ഈ രാത്രി തനിക്കു തന്നിരിക്കുന്നത് നന്മകൾ നിറഞ്ഞ ഓർമകളാണ്. ഇനിയുള്ള ജീവിതത്തിൽ വല്ലപ്പോഴും സംഭവിക്കാൻ സാധ്യതയുള്ള ഓർമകൾ. സോമന്റെ കണ്ണുകൾ നിറഞ്ഞു.

ആ ഓർമകളിൽ നിറഞ്ഞുനിൽക്കുമ്പോഴാണ് അവൻ പിന്നിൽ ചെറു വെള്ളിതിളക്കം മിന്നിയത്. തേച്ചുരച്ച വാൾത്തലപ്പിന്റെ തെളിച്ചം. അവർ നാലഞ്ചുപേരുണ്ടായിരുന്നു. റാക്കിന്റെ ലഹരിയിൽ സോമൻ പ്രതികരിക്കാൻ ഒരു നിമിഷം വൈകിപ്പോയി. ആ

വാൾത്തലപ്പ് അവന്റെ തോളിലേക്കു പാഞ്ഞു. ആദ്യ വെട്ടിൽത്തന്നെ സോമൻ ചുവടുതെറ്റി വീണു. പിന്നേയും വാൾതലപ്പിന്റെ തിളക്കം അവന്റെ ശരീരമറിഞ്ഞു. ആരുടേയും മുഖം തിരിച്ചറിയാനായില്ല. എല്ലാം തീർന്നെന്നു കരുതി അവർ ഇരുളിലേക്കു തന്നെ മറഞ്ഞു. നിലത്തു പെയ്തുനനഞ്ഞ മഞ്ഞിലേക്കു അവന്റെ രക്തം അലിഞ്ഞു. ഒരു ഞെരക്കം പോലുമില്ലാതെ സോമൻ നിശ്ചലനായി കിടന്നു.

*****************************************************************************************************

അന്നേക്കു നാലാം നാളാണ് സോമൻ കണ്ണുതുറന്നത്. ജീവൻ അങ്ങോട്ടോ ഇങ്ങോട്ടോ എന്നു കാത്ത് നാലു ദിനരാത്രങ്ങൾ. രാത്രിയിൽ സിനിമ കഴിഞ്ഞുപോയ രണ്ടു തമിഴന്മാരാണ് സോമൻ വെട്ടുകൊണ്ട് കിടക്കുന്നത് കണ്ടത്. ആരോ മദ്യപിച്ചു കിടക്കുകയായിരിക്കുമെന്നു കരുതി അവർ പോകാൻ ഒരുങ്ങുകയായിരുന്നു. വഴിവിളക്കിന്റെ വെളിച്ചത്തിൽ രക്തം ഒലിച്ചിറങ്ങിയത് കണ്ടതു ഭാഗ്യമായി. ഇരുവരും സോമനെ പൊക്കിയെടുത്ത് ആശുപത്രിയിലെത്തിക്കുമ്പോൾ ശരീരത്തിന്റെ ചൂടുപോലും കുറഞ്ഞുതുടങ്ങിയിരുന്നു. ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ ഡോക്റ്റർമാർ പണിപ്പെട്ടതിനു കണക്കില്ല. എത്രയിടത്താണ് തുന്നിക്കെട്ടലുകൾ നടത്തിയത്. വാർന്നുപോയതിനു പകരം എത്ര കുപ്പി ചോരയാണ് കയറ്റിയത്.

നാലുദിവസത്തെ അബോധാവസ്ഥയിൽ നിന്നുണരുമ്പോൾ അടുത്ത് അപ്പു മാത്രമെ ഉണ്ടായിരുന്നുള്ളൂ. സോമന് വെട്ടു കൊണ്ടതിൽപ്പിന്നെ ഹോട്ടൽ തുറന്നിട്ടില്ല. ആരാണ് ഈ അതിക്രമം കാണിച്ചതെന്നു ആർക്കും നിശ്ചയവുമില്ല. ഒരു പക്ഷെ ആക്രമികൾ ഹോട്ടലും തകർക്കാൻ ശ്രമിക്കില്ലെന്നു എന്താണ് ഉറപ്പ്. തങ്കച്ചൻ തന്നെയാണ് പറഞ്ഞത് ഹോട്ടൽ കുറച്ചുനാൾ അടച്ചിടാൻ. കൂടാതെ സോമന്റെ കൂടെ നിൽക്കാൻ കാര്യശേഷിയുള്ള ആരെങ്കിലും വേണം. അപ്പു തന്നെയാണ് അതിനു നല്ലതെന്നും തങ്കച്ചനു തോന്നി. തങ്കച്ചൻ ജോലി ചെയ്യുന്ന ആശുപത്രിയിലേക്കു മനപ്പൂർവം സോമനെ മാറ്റാതിരുന്നതാണ്. അങ്ങോട്ടു മാറ്റിയാൽ സഹോദരൻ കറതീർന്ന ഗൂണ്ടയാണെന്നു കൂടെ പ്രവർത്തിക്കുന്നവരെല്ലാം അറിയും. അതു മാനക്കേടാകുമല്ലോ എന്ന ചിന്തയും തങ്കച്ചനുണ്ടായിരുന്നു.

പിന്നേയും മൂന്നുനാലു ദിവസം കൂടിവേണ്ടിവന്നു സോമന് എന്തെങ്കിലുമൊക്കെ സംസാരിക്കാൻ. നാവു ഉയർത്താൻ കഴിഞ്ഞപ്പോൾത്തന്നെ ചോദിച്ചത് തന്നെ വെട്ടിയത് ആരെന്നായിരുന്നു. ആർക്കുമറിയില്ല. പലരും പലതും പറയുന്നുണ്ട്. സോമനെപ്പോലെ ഒരുവൻ വളർന്നുവരുന്നത് പലർക്കും ദഹിക്കുന്നില്ലായിരുന്നു. ചട്ടമ്പികളായ മലയാളികൾക്കും തമിഴനും തെലുങ്കനും വടക്കേഇന്ത്യക്കാരനും അക്കാര്യത്തിൽ ഒരേ

ചിന്തയായിരുന്നു. സംഭവത്തിനു പിന്നിൽ സുകുമാരപിള്ളയാണെന്നു പോലും സംശയിക്കുന്നതായി ചിലർ പറയുന്നു. ഒരു പക്ഷെ മിശ്രയാകാം അല്ലെങ്കിൽ രാജൻ ചെയ്യിച്ചതാകാം. അല്ലെങ്കിൽ സോമൻ ഭയപ്പെടുത്തിയ ഏതെങ്കിലും ഒരുവനാകാം. പക്ഷെ ചെയ്തവർ ഈ നാട്ടുകാരല്ല. പുറത്തുനിന്നു വരുത്തിച്ചതാണ്. അവർ രായ്ക്കുരാമാനം സ്ഥലം വിട്ടിട്ടുണ്ടാകും. കൊല്ലാൻതന്നെ ചെയ്തതാണ്. ഏതു ഭാഗ്യമാണാവോ അവനെ രക്ഷിച്ചത്. കുട്ടനും സുകുമാരപിള്ളയുമൊക്കെ ആശുപത്രിയിൽ വന്നിരുന്നു. സംഭവത്തിനു പിന്നിൽ ആരെന്നു കണ്ടുപിടിക്കാൻ ആവതും ശ്രമിക്കുന്നുണ്ടെന്നു അവർ പറഞ്ഞു.

തങ്കച്ചനും ഭയമേറിയിരിക്കുന്നു. ഇനിയും ഇത്തരം ആക്രമണങ്ങൾ ഉണ്ടാകുമെന്നു അയാൾക്കു ആശങ്കയുണ്ട്. അത് അയാൾ ഉണ്ടാക്കിയ എല്ലാത്തിനെയും പ്രതികൂലമായി ബാധിക്കും. ഇനിയും സോമൻ ഈ പരിസരത്തുതന്നെ നിന്നാൽ ശരിയാവില്ലെന്നു തങ്കച്ചനു തോന്നി. ഹോട്ടൽ വീണ്ടും തുറക്കണം. സോമനെ അവിടിനി നിർത്താനാവില്ല. തന്റെ ഭാര്യയ്ക്കും അക്കാര്യം ഒട്ടും ഇഷ്ടമല്ലെന്നു തങ്കച്ചനറിയാം. അതു കൊണ്ടു തന്നെയാണ് രാജുവിന്റെ അടുത്തേക്കു പോകാൻ തങ്കച്ചൻ സോമനോട് പറഞ്ഞത്. ജേഷ്ഠത്തിയുടെ മൂത്ത ചേച്ചിയുടെ മകനാണ് രാജു. ദുർവയിൽനിന്നു കുറെ ദൂരെ മാറിയാണ് അവൻ താമസിക്കുന്നത്. അവൻ താമസിക്കുന്നിടത്ത് വലിയ ആൾത്തിരക്കുമില്ല. . തങ്കച്ചൻ പറഞ്ഞാൽ രാജുവിന് മറുത്തു പറയാനാവില്ല. രാജുവിനെ ഇങ്ങോട്ടുകൊണ്ടുവന്നതും ജോലിയൊക്കെ ശരിയാക്കിക്കൊടുത്തതും ചേട്ടൻതന്നെയാണ്.

രാജുവിന്റെ അടുത്തേക്കുപോകണമെന്ന ചേട്ടന്റെ നിർദേശത്തോട് ശരിയെന്നോ വേണ്ടെന്നോ സോമൻ പറഞ്ഞില്ല. അവന്റെ മനസു നിറയെ പകയാണ്. തന്നെ ഇത്തരത്തിലാക്കിയവരോട് അടങ്ങിയാൽ തീരാത്ത പക. പക്ഷെ ശരിക്കുമൊന്നു നേരെ നിൽക്കാൻ ഇനിയും രണ്ടുമൂന്നുമാസം വേണ്ടിവരും. അതു മാത്രമല്ല തന്നെ വെട്ടിയതിനുപിന്നിൽ ആരെന്നു ഇതുവരെയും കണ്ടെത്താനായില്ല. പിന്നെ രാജുവിനെ പണ്ടെങ്ങോ കണ്ടതാണ്. ചെറുപ്പത്തിൽ കാണുമ്പോൾ വലിയ സ്നേഹം തന്നോടു കാട്ടിയിരുന്നു. വീട്ടിൽ രണ്ടുദിവസം നിൽക്കാൻ വന്നപ്പോൾ പറങ്കിയണ്ടി പെറുക്കാനും ചീനിക്കു നനയ്ക്കാനും അവൻ തന്നോടൊപ്പം കൂടിയിരുന്നു. ഇന്നിപ്പോൾ എങ്ങിനെയാണാവോ. ഇവിടെ അത്യാവശ്യം വലിയ ജോലിയൊക്കെ ആയപ്പോൾ ആളു മാറിയിട്ടുണ്ടാകാം. പഴയ പരിചയമൊക്കെ അടച്ചു പെട്ടിയിൽ വയ്ക്കാനും മതി. പിന്നെ ചേട്ടൻ പറയുന്നതിനാൽ അവൻ മറുത്തുപറയില്ല. ഉള്ളുകറുത്തുകൊണ്ട് തന്നോടു കൂടെ താമസിച്ചോളാൻ പറഞ്ഞേക്കാം. സോമൻ തലകുമ്പിട്ടിരുന്നു.

മറുപടിയൊന്നും ഇല്ലാതിരുന്നപ്പോൾ നീ നിനക്കിഷ്ടമുള്ളത് പോലെ ചെയ്യ്, എന്നെ

അധികം ബുദ്ധിമുട്ടിക്കരുതെന്നും പറഞ്ഞ് ചേട്ടൻ തിരിച്ചുപോയി. സോമൻ ആശുപത്രിക്കട്ടിലിൽ മലർന്നുകിടന്നു. മുകളിൽ കറങ്ങുന്ന എണ്ണയിടാത്ത ഫാനിന്റെ ശബ്ദം മാത്രമായി ചുറ്റും. സോമൻ പതിയെ മയക്കത്തിലേക്കു വീണു.

വാതിൽതുറക്കുന്ന ശബ്ദം കേട്ടാണ് അവൻ ഞെട്ടിയുണർന്നത്. അപ്പു ഇനി രാത്രിയേ വരൂ എന്നു പറഞ്ഞാണ് പോയത്. മരുന്നു കൊണ്ടുവന്നുവച്ച് നഴ്സ് നേരത്തെതന്നെ വന്നു പോയി. പിന്നെ ആരായിരിക്കും. ഉറക്കത്തിന്റെ ആലസ്യത്തിൽ പകുതി മൂടിയ കണ്ണുകൾ അവൻ ചിമ്മിത്തുറന്നു. ഇളം മഞ്ഞഓയൽ സാരിയിൽ ഒരു പെണ്ണുനിൽക്കുന്നു. നിലാവു പെയ്തിറങ്ങിയതുപോലെ അവളുടെ മുഖം അവന്റെ ഹൃദയത്തിലേക്ക് ഒഴുകിവന്നു. ഓമന...